# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തുവ്വൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM 24/2588/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 05/12/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തുവ്വൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തുവ്വൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തുവ്വൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM 24/2588/22 തീയ്യതി: 05/12/2022

## മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 20-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-10-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഉണ്ണിപൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 21-10-2022 | 31-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-10-2022 | 31-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ടി പി അബ്ദുൾ ജലീൽ ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. ടി മുഹമ്മദ് സലീം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ടി രാമകൃഷ്ണൻ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. എം സുജാത,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.കെ. സുബൈദ ടീച്ചർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.അരുൺ.ഇ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 12-04-2021 |
| ശ്രീ.രാധാകൃഷ്ണൻ നായർ.സി.കെ | സെക്രട്ടറി | 13-04-2021 | 01-07-2021 |
| ശ്രീ.അരുൺ.ഇ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-07-2021 | 07-07-2021 |
| ശ്രീ.രാജു.കെ.ജെ | സെക്രട്ടറി | 08-07-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷഫീഖ്.എം | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.അജയകുമാർ.പി.എൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.സ്വപ്ന | വി ഇ ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി.സലീന ജോസഫ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 20-07-2021 |
| ശ്രീമതി.സിദ്രത്തുൽ മുൻതഹ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 21-07-2021 | 04-03-2022 |
| ശ്രീമതി.സലീന ജോസഫ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 05-03-2022 | 31-03-2022 |
| ശ്രീമതി.ആര്യ.ആർ | അസി. എഞ്ചിനീയർ | 01-04-2021 | 17-12-2021 |
| ശ്രീ.മനോജ് | അസി. എഞ്ചിനീയർ | 18-12-2021 | 30-01-2022 |
| ശ്രീ.യൂസഫ്.കെ.എ | അസി. എഞ്ചിനീയർ | 31-01-2022 | 31-03-2022 |
| ഡോ.അബ്ദുൽ അസീസ്.എം | മെഡിക്കൽ ഓഫീസർ ( PHC) | 01-04-2021 | 31-03-2022 |
| ശ്രീ.അബ്ദുൽ ഖാസിം.പി | ഫിഷറീസ് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സജിത.ടി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. സിന്ദുൽ.എൻ.എൻ | മെഡിക്കൽ ഓഫീസർ ( GAD) | 01-04-2021 | 12-02-2022 |
| ഡോ.ഹസ്ന അറബി | മെഡിക്കൽ ഓഫീസർ ( GAD) | 13-02-2022 | 31-03-2022 |

--

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം ) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരണ നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്ക് പരിശോധന – അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല. | 1-12 |
| 13 | സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ലൈസൻസ് എടുത്തിട്ടാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്. | 1-13 |
| 14 | ഗ്രാമ പഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മിച്ച കെട്ടിടങ്ങളിൽ സ്കൂൾ പ്രവർത്തിക്കുന്നു. | 1-14 |
| 15 | അനധികൃത നിർമ്മാണങ്ങൾ - തുടർ നടപടി സ്വീകരിച്ചില്ല. | 1-15 |
| 16 | സൗരോർജ്ജാധിഷ്ഠിത ജലതാപന/ പ്രകാശസംവിധാനം സ്ഥാപിക്കാത്ത കെട്ടിടത്തിന് കെട്ടിട നമ്പർ അനുവദിച്ചു. | 1-16 |
| 17 | ഹോമിയോ മരുന്നുകൾ ലഭ്യമായില്ല. | 1-17 |
| 18 | മുഴുവൻ മരുന്നുകളും ലഭ്യമായില്ല | 1-18 |
| 19 | ഹോമിയോ ആശുപത്രിയിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ പദ്ധതി – ഉപകരണങ്ങൾ ലഭ്യമായില്ല. | 1-19 |
| 20 | പരിരക്ഷ പദ്ധതിക്കായി ഉപകരണങ്ങൾ വാങ്ങൽ പദ്ധതി – മുഴുവൻ ഉപകരണങ്ങളും ലഭ്യമായില്ല. | 1-20 |
| 21 | പി എച്ച് സിയിലേക്ക് ഫർണ്ണീച്ചറുകളും ഉപകരണങ്ങളും വാങ്ങൽ പദ്ധതി -പ്രിന്ററുകൾ ലഭ്യമായില്ല. | 1-21 |
| 22 | കിഡ്നി രോഗികൾക്ക് ഡയാലിസിസിന് ധനസഹായം പദ്ധതി – വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-22 |
| 23 | ഷീറ്റ് മേയലിന് അധിക നിരക്ക് നൽകി; നഷ്ടം 4678 രൂപ. | 1-23 |
| 24 | ഡ്രൈനേജ് സ്ലാബ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി; നഷ്ടം 6186 | 1-24 |

| | | |
|---|---|---|
| | രൂപ. | |
| 25 | ഡിപ്പാർട്ട്മെന്റൽ സ്റ്റീൽ ഉപയോഗിച്ചതിന് കരാറുകാരന്റെ സ്റ്റീൽ ഉപയോഗിച്ചതിനുള്ള നിരക്ക് നൽകി. നഷ്ടം 28979 രൂപ. | 1-25 |
| 26 | അഗതി രഹിത കേരളം പദ്ധതി - പ്രവർത്തനം ആശാവഹമല്ല. | 1-26 |
| 27 | ഒരേ സമയം 2 ഡ്രൈവർമാർക്ക് വേതനം നൽകി. 54750 രൂപ നഷ്ടം. | 1-27 |
| 28 | പ്രേരക് ഹോണറേറിയം തിരികെ ലഭ്യമാക്കേണ്ടതാണ്. | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഡ്രൈനേജ് സ്ലാബ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി; നഷ്ടം 6186 രൂപ. | 3-1 |
| 2 | ഷീറ്റ് മേയലിന് അധിക നിരക്ക് നൽകി; നഷ്ടം 4678 രൂപ. | 3-2 |
| 3 | ഒരേ സമയം 2 ഡ്രൈവർമാർക്ക് വേതനം നൽകി. 54750 രൂപ നഷ്ടം | 3-3 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | പുതുക്കിയത് ബജറ്റ് തീരുമാന നം./തിയ്യതി |
|---|---|
| 1/1 തീ.19.02.2021 | 04/01 തീ. 30.03.2022 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2022 | 28.05.2022 | ബാധകമല്ല. | ബാധകമല്ല. |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17788357 |
| വരവ് | 101621552 |
| ആകെ | 119409909 |
| ചെലവ് | 93988474 |
| നീക്കിയിരിപ്പ് | 25421435 |

### 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം )

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 15142134 | 15142134 | 15113461 | 28673 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 8304080 | 8304080 | 8145827 | 158253 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 162106 | 162106 | 151119 | 10987 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 15338000 | 15338000 | 7973904 | 7364096 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 6391515 | 6391515 | 4542291 | 1849224 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( TIED) | 0 | 8087497 | 8087497 | 1410192 | 6677305 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( UNTIED) | 0 | 3411000 | 3411000 | 3067363 | 343637 |
| ബി ഫണ്ട് | 0 | 72480000 | 72480000 | 72480000 | 0 |

ഗ്രാമപഞ്ചായത്തിനു 2021-22 സാമ്പത്തിക വർഷം റോഡ് മെയ്ന്റനൻസ് ഗ്രാന്റിൽ ബജറ്റ് അലോക്കേഷനിലുള്ളതിനേകാൾ കൂടിയ തുക അലോട്ട്മെന്റ് ലഭിക്കുകയുണ്ടായി. ആകെ ബജറ്റ് അലോക്കേഷൻ 87,12,000 രൂപയായിരുന്നു. എന്നാൽ GO (Rt) 3326/21/Fin തിയ്യതി: 5.4.21 പ്രകാരം 76,69,000 രൂപയും GO (Rt) 5450/21/Fin തിയ്യതി: 12.8.21 പ്രകാരം 76,69,000 രൂപയുമടക്കം ആകെ 1,53,38,000 അലോട്ട്മെന്റ് ലഭിച്ചു. എങ്കിലും ബജറ്റ് അലോക്കേഷൻ പരിധിയിൽ താഴെയുള്ള തുക മാത്രമാണ് ഗ്രാമപഞ്ചായത്ത് ചെലവഴിച്ചത്.

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തത് (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 177 | 126546262 | 152 | 75967252 | 5 | 25 | 85.87 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 975325 | 975325 | 973796 | 1529 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 27743950 | 27743950 | 27743950 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 4376400 | 212 |
| വിധവാ പെൻഷൻ | 26392000 | 1181 |
| വാർദ്ധക്യകാല പെൻഷൻ | 31958600 | 1760 |
| വികലാംഗ പെൻഷൻ | 7482200 | 405 |
| വിധവകളുടെ പെണ്മക്കൾക്കുള്ള വിവാഹ ധനസഹായം | 450000 | 15 |
| 50 വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1820800 | 100 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.10.2022 ന് 02.20 പി.എം, ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3310/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരണ നിയന്ത്രണം

1). GO(P) No.177/2006/FIN Dt 12.4.06 പ്രകാരം എല്ലാ നിർവഹണ ഉദ്യോഗസ്ഥരും പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ സെക്രട്ടറി, പിഎച്ച്സി മെഡിക്കൽ ഓഫീസർ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2) സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി) പ്രകാരം പ്രതിവർഷം നടത്തി ആസ്തി രജിസ്റ്റർ പൂർണ്ണമാക്കി രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. ആയത് പാലിച്ചിട്ടില്ല.

3. ഐസിഡിഎസ് സൂപ്പർവൈസർ ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ട് വഴി പണം നൽകുമ്പോൾ UTR No

രേഖപ്പെടുത്തിയ കൈപറ്റ് ഫയൽ ചെയ്യുന്നില്ല.
4. അസിസ്റ്റന്റ് എഞ്ചിനീയറുടെ കേഷ് ബുക്കിൽ ബേങ്ക് അക്കൗണ്ട്, ട്രഷറി സേവിംഗ്സ് ബേങ്ക് അക്കൗണ്ട് എന്നിവയിലെ വരവ്-ചെലവ് രേഖപ്പെടുത്തുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ്ഓഡിറ്റ് | 18/10/2020 | 04/2022 To 09/2022 | ലഭിച്ചിട്ടില്ല. |
| എ.ജി ഓഡിറ്റ് | 28/12/2007 | 1997-98 To 2006-2007 | 28/01/2008 |

## 1-11 വാർഷികകണക്ക് പരിശോധന – അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1). ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) Tender Forms രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ വരവായി രേഖപ്പെടുത്തിയ 2,00,600രൂപയുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

3)തൊഴിൽ നികുതി (വ്യാപാരികൾ) ഇനത്തിൽ രജിസ്റ്റർ, വാർഷിക കണക്ക് എന്നിവ പ്രകാരം ഡിമാന്റ് 2,86,100രൂപയും (രജിസ്റ്റർ പ്രകാരം കളക്ഷനും), വാർഷിക കണക്ക് പ്രകാരം കളക്ഷൻ 3,01,100 രൂപയും ആണ്. 15,000 രൂപ വ്യത്യാസമുണ്ട്.

4)ലൈവ് സ്റ്റോക്ക് ഫാം രജി.ഫീസ് (600രൂപ),ട്യൂട്ടോറിയൽ ലൈസൻസ് ഫീസ് (100രൂപ) എന്നീയിനങ്ങളിൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം വരവുണ്ടെങ്കിലും ആയത് അക്കൗണ്ട് ചെയ്തിട്ടില്ല.

5)പരപ്പിനി കുടിവെള്ളം (അക്കൗണ്ട് നം.3250) ഇനത്തിൽ, ഷെഡ്യൂൾ B-17 പ്രകാരം 1,04,145രൂപയുണ്ട്. ആയത് ഷെഡ്യൂൾ B-4പ്രകാരം 9823 രൂപയാണ്. വ്യത്യസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

6)ഓഡിറ്റ് റിക്കവറി ഇനത്തിൽ വാർഷികകണക്ക് പ്രകാരം വരവ് 1,42,516രൂപ . എന്നാൽ ആയത് രജിസ്റ്റർ പ്രകാരം 163641 രൂപ. 21,125 രൂപ വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

7)റീകൺസിലേഷൻ പത്രികകൾ, ഷെഡ്യൂൾ B-4 വിവരങ്ങളുടെ പ്രത്യേക എ സി ആർ എന്നിവ സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8)എ സി ആർ പ്രകാരം C F C Tied ഇനത്തിൽ 14,10,192രൂപയും , C F C UnTied ഇനത്തിൽ 30,67,363 രൂപയുമാണ് ആകെ ചെലവ് തുക . എന്നാൽ ആയത് വാർഷികകണക്ക് RP-7പ്രകാരം C F C Tied ഇനത്തിൽ 12,720രൂപ മാത്രമാണ് രേഖപ്പെടുത്തിയത്. എ സി ആർ പ്രകാരം C F C Tied ഇനത്തിൽ 80,87,497രൂപയും , C F C UnTied ഇനത്തിൽ 34,11,000 രൂപയും വരവുണ്ടെങ്കിലും ആയത് യഥാക്രമം 51,16,000രൂപയും, 34,72,019 രൂപയുമാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത് (RP-31) തുക വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.
7)അക്കൗണ്ട് നം. 40204101109247 കേരള ഗ്രാമീൺ ബാങ്കിൽ 21.02.21 ന് ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും ആയത് അക്കൗണ്ട് ചെയ്തിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 22/2021-22/31.10.22)

## 1-12 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ അത്തരം വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യാപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങൾ എന്നിവയിൽ ഏർപ്പെടുന്നവർ മേൽ ആക്ട്, ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരാണ്. തൊഴിൽ നികുതി ഡിമാന്റ് ചെയ്യൽ/ഈടാക്കൽ എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ/രജിസ്റ്ററുകൾ പരിശോധിച്ചതിൽ മേൽ ആക്ട്, ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ വ്യക്തികളും/സ്ഥാപനങ്ങളും നികുതി പരിധിക്കുള്ളിൽവന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽകേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ് [നിയമം 205ബി,ചട്ടം13 എന്നിവ കാണുക]. എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടികൾ പൂർണമായി സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

1). കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് , ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 27.09.2012 ലെ A6- 5330/2011 നമ്പർ സർക്കുലർ (Circular 16/2012- Modification) പ്രകാരം മാവേലി സ്റ്റോറുകൾ/സൂപ്പർമാർക്കറ്റുകൾ എന്നീ സ്ഥാപനങ്ങളിൽ സ്ഥാപനത്തിന്റെ ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാവുന്നതാണ്. ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ 2021-22 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും മാവേലി സ്റ്റോർ ഉവ്വൂരിലെ അസിസ്റ്റന്റ് സെയിൽസ്മാൻ മാത്രമാണ് തൊഴിൽ നികുതി അടവാക്കിയിട്ടുള്ളത്. 2021-22 വർഷത്തേക്കുള്ള ലൈസൻസിനായി മാവേലി സ്റ്റോർ ഉവ്വൂരിലെ ഷോപ്പ് മാനേജർ സമർപ്പിച്ച അപേക്ഷയിൽ സ്ഥാപനത്തിൽ ജോലി ചെയ്യുന്നവരുടെ എണ്ണം 3 എന്ന് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മേൽ സർക്കുലർ അടിസ്ഥാനമാക്കി സപ്ലൈകോ മാവേലി സ്റ്റോർ ഉവ്വൂരിൽ 2021-22 വർഷത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിട്ടുള്ള മുഴുവൻ ജീവനക്കാരുടെയും അർദ്ധവാർഷിക വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കാൻ ആവശ്യപ്പെടേണ്ടതും ആയത് പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കാനുള്ള തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

2). ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം | ലൈസൻസ് അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം | ലൈസൻസ് നമ്പർ |
|---|---|---|---|
| 1 | പുലിക്കോട്ടിൽ ഗ്ലാസ്സ് ഹൗസ് | 3 | 75/21-22 /13.04.21 |
| 2 | റൈദാൻ വെഡിംഗ് കേന്ദ്ര | 3 | 130/21-22 /13.04.21 |
| 3 | റീനസ് ഹോട്ടൽ | 3 | 142/21-22 /13.04.21 |
| 4 | മാമ്പുഴ റബ്ബർ പ്രോസസിംഗ് പ്രൈവറ്റ് ലിമിറ്റഡ് | 30 | 159/21-22 /13.04.21 (15 പേർ നികുതി അടവാക്കി) |
| 5 | കെ.ടി.ബി ബിൽഡിംഗ് പ്രോഡക്ട്സ് | 4 | 161/21-22 /13.04.21 |

| | | | |
|---|---|---|---|
| 6 | വുഡ് ലൈൻ ടിമ്പർ | 3 | 177/21-22 /13.04.21 |
| 7 | ചേറുമ്പ് നേഴ്സറി | 10 | 247/21-22 /18.11.21 |
| 8 | മെഹ്റ റെഡിമെയ്ഡ് പ്രൊഡക്ഷൻ യൂണിറ്റ് | 5 | 255/21-22 /03.12.21 |
| 9 | പവിഴം ന്യൂട്രിമിക്സ് യൂണിറ്റ് | 4 | 263/21-22 /15.12.21 |
| 10 | ബി വൺ എന്റർപ്രൈസസ് ലിമിറ്റഡ് | 4 | 271/21-22 /30-12-21 |
| 11 | LBX Mart LLP സൂപ്പർമാർക്കറ്റ് | 3 | 276/21-22 /30.12.21 |
| 12 | മൽഹാർ ഗോൾഡ് & ഡയമണ്ട്സ് | 3 | 290/21-22 /25.01.22 |

1996 ലെ കേരളാ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ തൊഴിൽ നികുതി കൊടുക്കുന്നതിന് ബാധ്യസ്ഥനാണെങ്കിൽ റിട്ടേൺ സമർപ്പിക്കാൻ സെക്രട്ടറിക്ക് ആവശ്യപ്പെടാവുന്നതും ചട്ടം 16 പ്രകാരം തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തേയോ ശമ്പളത്തേയോ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെടാവുന്നതുമാണ്. 2021-22 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയോ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് എൻക്വയറി നൽകിയെങ്കിലും തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

3). 2021-22 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ ജോലി ചെയ്യുകയും വേതനം കൈപ്പറ്റുകയും ചെയ്ത ഡ്രൈവർമാർ, ബദൽ സ്കൂളിലെ ടീച്ചർ, ആയ എന്നിവർ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല. ഈ ജീവനക്കാർ 2021-22 ൽ രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

കെട്ടിട ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽകി നിശ്ചിത ഫോറത്തിൽ വിവരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്. വാർഡുകളുടെ ചുമതലയുള്ള ക്ലാർക്കുമാർ, സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയതിലെ വിവരങ്ങൾ ഉടങ്ങി ലഭ്യമായ എല്ലാ സംവിധാനങ്ങളും ഉപയോഗപ്പെടുത്തി ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്ക് ലൈസൻസ് നല്കുമ്പോൾ ഈടാക്കുന്ന നികുതി സ്ഥാപനത്തിന്റെ പ്രതിദിന വിറ്റുവരവ്/മൂലധന നിക്ഷേപം എന്നിവ അടിസ്ഥാനപ്പെടുത്തി സ്ഥാപന തൊഴിൽ നികുതി മാത്രമാണെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ലെന്ന് കാണുന്നു. ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ടെയിഡേഴ്സിൽ നിന്നും നികുതി ഈടാക്കിയിട്ടുള്ളത് ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങൾ പാലിക്കാതെയാണ്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് ഉടർന്നുവരുന്നത്. ഇത് വരുമാനചോർച്ചയ്ക്ക് ഇടയാക്കുന്ന എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ്. നികുതി ക്രമപ്രകാരം ഈടാക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

നികുതി അടവാക്കാൻ ബാധ്യസ്ഥരായവരിൽ നിന്നും ആയത് പൂർണ്ണമായും ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന്

കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള നടപടികൾ കർശനമായി പാലിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 4/28.10.2022 )

## 1-13 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ലൈസൻസ് എടുത്തിട്ടാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

സഞ്ചയയിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 2021-22 വർഷം വരെ പഞ്ചായത്ത് പരിധിയിൽ വാണിജ്യ/വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി നിർമ്മിക്കപ്പെട്ട 1820 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ട്. നികുതി ഇളവ് രജിസ്റ്റർ പ്രകാരം തൻ വർഷം കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടില്ല. ഇതിൽ നിന്നും 1820 കെട്ടിടങ്ങൾ ലൈസൻസ് ആവശ്യമുള്ള വിവിധ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനുള്ള സാധ്യത നിലനിൽക്കുന്നു. കൂടാതെ നിർമ്മിതിയുടെ സ്വഭാവമനുസരിച്ച് ഈ കെട്ടിടങ്ങൾ വാണിജ്യ, വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനാണ് സാധ്യത. എന്നാൽ ഓഡിറ്റ് വർഷത്തിൽ 301 ലൈസൻസ് മാത്രമാണ് അനുവദിച്ചിട്ടുള്ളത്. 1519 കെട്ടിടങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കാനുള്ള സാധ്യത പരിശോധിക്കപ്പെടേണ്ടതാണ് [കുറിപ്പ്: ഓരോ റൂമും ഓരോ കെട്ടിട നമ്പറായി അസസ്മെന്റ് നടത്തുന്നത് കൊണ്ട് ഒന്നിൽ കൂടുതൽ റൂമുകളിൽ പ്രവർത്തിക്കുന്ന സ്ഥാപനം തന്നെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതായി വരാം. ആയതുകൊണ്ട് 1519 സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു എന്നല്ല ആയതിന്റെ സാധ്യത പരിശോധനക്ക് വിധേയമാക്കുന്നില്ല എന്നതാണ് നിരീക്ഷണം].

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റ് സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന കാര്യം ഇവിടെ പ്രസക്തമാകുന്നു. ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന വരുമാനം നഷ്ടപ്പെടുന്നതിനൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല എന്നതും ഗൗരവപൂർവ്വം കാണേണ്ടതാണ്. അടിയന്തിരമായി ഫീൽഡ് പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തേണ്ടതും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

തനത് വരുമാനത്തിൽ ചോർച്ചയുണ്ടാവുന്നത് തടയുന്നതിന് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതും, ആയത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്. മേൽ പരാമർശം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, പഞ്ചായത്ത് ഭരണ സമിതി എന്നിവയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി 7/29.10.2022 മറുപടി ലഭിച്ചില്ല)

## 1-14 ഗ്രാമ പഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മിച്ച കെട്ടിടങ്ങളിൽ സ്കൂൾ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തേക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ പ്രസ്തുത അപേക്ഷയിൽ അവകാശപ്പെട്ട കെട്ടിടങ്ങൾ പഞ്ചായത്തിൽ നമ്പർ നൽകി അധികൃതമാക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമായി. വിശദ വിവരം താഴെ നൽകുന്നു.

| സ്കൂൾ | പഞ്ചായത്ത് നമ്പർ നൽകിയ കെട്ടിടത്തിന്റെ വിവരം | 26.05.2022 ന് സ്ഥാപനം പരിശോധിച്ച് 28.05.2022ന് അനുവദിച്ച ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള മുറികളുടെ വിസ്തീർണ്ണം |
|---|---|---|
| തറക്കൽ എ.യു.പി സ്കൂൾ , ഊവ്വൂർ A3-1843/22 തി.11.03.2022 നമ്പർ അപേക്ഷ | കെട്ടിട നമ്പർ 12/34<br>- 100 ച.മീ<br>കെട്ടിട നമ്പർ 12/35<br>- 100 ച.മീ<br>ആകെ 200 ച.മീ | 17.75 X 4.7 (3 എണ്ണം)<br>2.6 X1.75 (2 എണ്ണം)<br>11.45 X 4.4 (2 എണ്ണം)<br>12 X 6 (4 എണ്ണം)<br>7.8 X 6 (1 എണ്ണം)<br>6 X6 (2 എണ്ണം)<br>18.2 X 6 (3 എണ്ണം) |

| | | |
|---|---|---|
| | | 6.1 X 6.1 (6 എണ്ണം)<br>6.3 X 6.25 (3 എണ്ണം)<br>ആകെ = 1435.92 ച.മീ |

പഞ്ചായത്തിലെ ഏതാനും സ്കൂളുകളുടെ ഫിറ്റ്നസ് അപേക്ഷ അടിസ്ഥാനമാക്കി നടത്തിയ പരിശോധനയിലാണ് സ്കൂളുകളിൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമായത്. സ്കൂളുകളുടെ കെട്ടിട നമ്പർ സംബന്ധിച്ച വ്യക്തമായ വിവരം ലഭിക്കാത്തതിനാൽ മുഴുവൻ സ്കൂളുകളുടെയും കെട്ടിടങ്ങൾ പഞ്ചായത്തിൽ നിന്ന് നമ്പർ നേടി അധികൃതമാക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല. അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് ഗ്രാമ പഞ്ചായത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും പരിശോധിച്ച് അസസ്മെന്റ് രജിസ്റ്ററിൽ/ സഞ്ചയയിൽ രേഖപ്പെടുത്തിയ അളവുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതും വ്യത്യാസമുള്ള പക്ഷം നിയമാനുസൃതം തുടർ നടപടി സ്വീകരിച്ച് നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 8/29.10.2022)

## 1-15 അനധികൃത നിർമ്മാണങ്ങൾ - തുടർ നടപടി സ്വീകരിച്ചില്ല.

2021-22 വർഷത്തിൽ പെർമിറ്റ്, റഗുലറൈസേഷൻ, കെട്ടിട നമ്പർ എന്നിവക്കായി സമർപ്പിച്ച ഫയലുകൾ പരിശോധിച്ചതിൽ നിന്ന് പ്ലോട്ടിൽ നിലവിലുള്ളതായ കെട്ടിടങ്ങളുടെ വിസ്തീർണ്ണം അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാനിൽ രേഖപ്പെടുത്തിയതും സഞ്ചയ പ്രകാരം മേൽ കെട്ടിടങ്ങളുടെ വിസ്തീർണ്ണവും തമ്മിൽ വലിയ വ്യത്യാസമുള്ളതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷ വിവരം | പ്ലാൻ പ്രകാരം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിന്റെ വിവരം | സഞ്ചയ പ്രകാരം |
|---|---|---|
| ശ്രീ.വീരാൻ, S/O ഹൈദ്ര<br>A3-4427/21 തി. 13.09.2021<br>(പുതിയതായി നിർമ്മിച്ച 102.67 ച.മീ വിസ്തീർണ്ണമുള്ള വീട് നിർമ്മാണം ക്രമവൽകരിക്കുന്നതിനുള്ള അപേക്ഷ) | Building 1 -7/185<br>119.38 ച.മീ<br>Building 2-7/185A<br>73.00 ച.മീ (Cellar)<br>50.20 ച.മീ (GF) | 7/185- 93 ച.മീ (താഴത്തെ നില)<br>(7/185A യുടെ വിവരം സഞ്ചയയിൽ നിന്ന് ലഭ്യമാക്കിയില്ല) |
| ശ്രീ.വേലായുധൻ.പി,<br>A3-2879/21 തി. 30.04.2021<br>(നിലവിലുള്ള 14/21 നമ്പർ കെട്ടിടത്തിൽ FF -83.62 ച.മീ നിർമ്മാണത്തിനായി പെർമിറ്റിനുള്ള അപേക്ഷ)<br>A3-BA(163618)/2021-04.08.2021 നമ്പർ പെർമിറ്റ് അനുവദിച്ചു. | 14/21 നമ്പർ കെട്ടിടത്തിന്റെ<br>Existing Area- 94.50 ച.മീ | 14/21 - 71 ച.മീ (താഴത്തെ നില) |
| ശ്രീ.സുരേന്ദ്രൻ<br>A3-3577/21 തി. 20.07.2021<br>നമ്പർ പെർമിറ്റ് അപേക്ഷ | 2/396- 83.33 ച.മീ | 2/396- 54 ച.മീ (താഴത്തെ നില) |
| ശ്രീ.മമ്മൂട്ടി, S/O അലവി<br>A3-5543/21 തി.29.10.21<br>പുതിയതായി നിർമ്മിച്ച 147.98 ച.മീ വാസഗൃഹത്തിന് കെട്ടിട | Existing Residential Building A<br>16/236- 172.9 | 16/236- 152 ച.മീ (താഴത്തെ നില)<br>16/428- 140 |

| | | | |
|---|---|---|---|
| | നമ്പർ അനുവദിക്കുന്നതിനുള്ള അപേക്ഷ | ച.മീ (GF-115.4ച.മീ, FF-57.50ച.മീ) Existing Residential Building B 16/428- 160.8 ച.മീ (GF-107.16ച.മീ, FF-53.64ച.മീ) Existing Residential Building C 16/235- 62.08 ച.മീ (GF) | ച.മീ (GF-90ച.മീ, FF-50ച.മീ) 16/235- 170 ച.മീ (GF-100ച.മീ, FF-70ച.മീ) |

നിലവിലുള്ള കെട്ടിടങ്ങളിൽ ഗ്രാമ പഞ്ചായത്തിന്റെ അനുമതി വാങ്ങാതെ തന്നെ അധിക നിർമ്മാണങ്ങൾ ഉണ്ടാവുന്നുണ്ടെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. പ്ലോട്ടിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി പ്ലാൻ സമർപ്പിക്കുമ്പോൾ പ്ലോട്ടിൽ നിലവിലുള്ള കെട്ടിടങ്ങളുടെ വിവരം പ്ലാനിൽ രേഖപ്പെടുത്തുന്ന അവസരത്തിൽ മാത്രമാണ് അധിക നിർമ്മാണം സംബന്ധിച്ച വിവരം അറിയാനിടയാവുന്നത്.

കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിന് മുൻപായി / നിർമ്മാണം ക്രമവൽകരിച്ച് കെട്ടിട നമ്പർ അനുവദിക്കുന്നതിന് മുൻപായി നിലവിലുള്ള കെട്ടിടങ്ങളിൽ അനധികൃതമായി നിർമ്മിച്ചവ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചുകൊണ്ടാണോ നിർമ്മിച്ചിട്ടുള്ളതെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും നിയമാനുസൃതം നടപടി സ്വീകരിച്ച് അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമായിരുന്നെങ്കിലും അത്തരത്തിലുള്ള യാതൊരു നടപടിയും സ്വീകരിക്കാതെ പെർമിറ്റ് അനുവദിച്ചതായി/നിർമ്മാണം ക്രമവൽകരിച്ചതായി കാണുന്നു. നിയമാനുസൃതം നടപടി സ്വീകരിച്ച് അനധികൃത നിർമ്മാണം ക്രമവൽക്കരിക്കാതെ പുതിയ നിർമ്മാണത്തിന് അനുമതി നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മേൽ കെട്ടിടങ്ങൾ പരിശോധന നടത്തി അസസ്മെന്റ് ചെയ്തതിനേക്കാൾ വിസ്തീർണമുണ്ടെങ്കിൽ നിയമാനുസൃതം നികുതി ചുമത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇത്തരത്തിൽ വാണിജ്യ / വ്യാവസായിക കെട്ടിടങ്ങളുടെ കാര്യത്തിലും നികുതി നഷ്ടം വരുവാനുള്ള സാധ്യതകൾ നിലനിൽക്കുന്നതിനാൽ ഫീൽഡ് പരിശോധന കാര്യക്ഷമമാക്കി മറ്റു കെട്ടിടങ്ങളുടെ കാര്യത്തിലും നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ പെർമിറ്റ്, റഗുലറൈസേഷൻ, നമ്പറിംഗ് ഫയലുകൾ പരിശോധിക്കുമ്പോൾ പ്ലോട്ടിൽ നിലവിൽ കെട്ടിടങ്ങളുണ്ടെങ്കിൽ ആയത് സഞ്ചയയുമായി താരതമ്യം ചെയ്യേണ്ടതുമാണ്. അല്ലാത്തപക്ഷം പെർമിറ്റ് ഫീസ് ഇനത്തിലും വസ്തുനികുതി ഇനത്തിലും ഗ്രാമ പഞ്ചായത്തിന് നഷ്ടം വരുവാനുള്ള സാധ്യതയുണ്ട്.

(ഓഡിറ്റ് എൻക്വയറി 11/29.10.2022 )

## 1-16 സൗരോർജ്ജാധിഷ്ഠിത ജലതാപന/ പ്രകാശസംവിധാനം സ്ഥാപിക്കാത്ത കെട്ടിടത്തിന് കെട്ടിട നമ്പർ അനുവദിച്ചു.

കേരളപഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം77 പ്രകാരം 400 ചതുരശ്ര മീറ്ററിൽ കൂടുതൽ നിർമ്മിത വിസ്തൃതിയുള്ള ഏക കുടുംബ പാർപ്പിടകെട്ടിടങ്ങളുടെ സംഗതിയിൽ Rooftop Solar Energy Installations ( Rooftop PV System) ഏർപ്പെടുത്തേണ്ടതാണ്. കൂടാതെ ചട്ടം78 പ്രകാരം 400 ചതുരശ്ര മീറ്ററിൽ കൂടുതൽ നിർമ്മിത വിസ്തൃതിയുള്ള ഏക കുടുംബ പാർപ്പിടകെട്ടിടങ്ങളുടെ സംഗതിയിൽ സൗരോർജ്ജ സഹായത്താലുള്ള ജലതാപന സംവിധാനങ്ങളും ഏർപ്പെടുത്തേണ്ടതാണ്. എന്നാൽ ശ്രീ. നജീബ്, S/O മോയിൻ എന്നവർ ഉവ്വൂർ വില്ലേജിൽ 151/168/2-6 ൽപ്പെട്ട 688 ച.മീ സ്ഥലത്ത് നിർമ്മാണം പൂർത്തീകരിച്ച 427.04 ച.മീ വിസ്തൃതിയിലുള്ള ഏക കുടുംബ വാസഗൃഹ കെട്ടിടത്തിന് ഈ സംവിധാനം ഏർപ്പെടുത്താതെയാണ് കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളത്. A3-2786/21 തി.19.04.21 നമ്പറായി സമർപ്പിച്ച ക്രമവൽക്കരണ അപേക്ഷയിൽ അപേക്ഷകൻ ഹാജരാക്കിയിട്ടുള്ള പൂർത്തീകരണ നിർമ്മാണത്തിന്റെ പ്ലാനിൽ ആയത് സംബന്ധിച്ചുള്ള ഡ്രോയിംഗ് ഒന്നും ഉൾപ്പെടുത്തിയിട്ടില്ല. സൈറ്റ് പരിശോധിച്ച എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ടിൽ (26.04.21 ലെ റിപ്പോർട്ട്) സൗരോർജ്ജ സംവിധാനം ഏർപ്പെടുത്തുന്നതു സംബന്ധിച്ച അപാകത/ നിർദ്ദേശം രേഖപ്പെടുത്തിയതായും കാണുന്നില്ല. ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താതെയാണ് നിർമ്മാണം കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഓവർസിയർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ചട്ട പ്രകാരമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താതെ

തന്നെ നിർമ്മാണം ക്രമവൽക്കരിച്ച് കെട്ടിട നമ്പർ അനുവദിച്ചതിന് ( 4/321 B) വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 13/30.10.2022 )

## 1-17 ഹോമിയോ മരുന്നുകൾ ലഭ്യമായില്ല.

പ്രോജക്റ്റ് നം. 58/22

ഹോമിയോ മരുന്നുകൾ വാങ്ങൽ പദ്ധതി

വിനിയോഗിച്ച തുക – 1,00,000 രൂപ (മെയിന്റനൻസ് ഫണ്ട് - റോഡിതരം)

നിർവ്വഹണം - മെഡിക്കൽ ഓഫീസർ(പി എച്ച് സി )

TRN 211513000000006193/28.12.21 – 1,00,000

പദ്ധതി പ്രകാരം 1,00,000 രൂപ ഹോംകോ ,ആലപ്പുഴക്ക് നൽകിയിട്ടുണ്ട് . മരുന്നുകൾ ലഭ്യമായതിന്റെ വിവരം ,സ്റ്റോക്ക് ,ഇഷ്യൂ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. വിവരം പരാമർശിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (ഓഡിറ്റ് എൻക്വയറി നം. 13/29.10.22) വിവരം ഹോമിയോ മെഡിക്കൽ ഓഫീസറെ അറിയിച്ചിട്ടുണ്ടെന്നും, വിവരം തരുന്നമുറക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചു. വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-18 മുഴുവൻ മരുന്നുകളും ലഭ്യമായില്ല

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)പ്രോജക്റ്റ് നം. 51/22

പി എച്ച് സിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി

വിനിയോഗിച്ച തുക – 7,00,000 രൂപ (മെയിന്റനൻസ് ഫണ്ട് (റോഡിതരം))

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (പി എച്ച് സി )

പദ്ധതി പ്രകാരം വിനിയോഗിച്ച 7,00,000/- രൂപയിൽ പി എച്ച് സിയിലേക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി മെഡിക്കൽ ഓഫീസർ (പി എച്ച് സി) താഴെ പ്രകാരം തുക കെ എം എസ് സി എൽ തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട് എന്നാൽ ആയതിൽ മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | ടി ആർ എൻ നം ./ തുക | ഇൻവോയിസ് നം./തീയ്യതി | തുക |
|---|---|---|---|
| 1 | TRN 211513000000005747/10.12.21 – 2,00,000 | 4464/16.06.22 | 69369 |
| | | 8985/23.08.22 | 18310 |
| | | ആകെ | 87,679 |
| | | ലഭ്യമാക്കാൻ അവശേഷിക്കുന്നത് | 1,12,321 |
| 2 | TRN 211513000000006168/28.12.21 – 1,29,433 | 15219/ 26.03.22 | 91,629 |
| | | 8359/09.08.22 | 5388 |
| | | 10125/02.09.22 | 1592 |
| | | ആകെ | 98,609 |
| | | ലഭ്യമാക്കാൻ അവശേഷിക്കുന്നത് | 30,824 |
| 3 | TRN 211513000000003959/20.09.21 – 1,70,566 | 7147/11.10.21 | 37,634 |
| | | 15220/26.03.22 | 93,306 |
| | | 3974/08.06.22 | 4716 |
| | | 12596/30.09.22 | 5860 |
| | | ആകെ | 1,41,516 |
| | | ലഭ്യമാക്കാൻ അവശേഷിക്കുന്നത് | 29,050 |

അവശേഷിച്ച 1,72,195 രൂപയുള്ള മരുന്നുകൾ കൂടി ലഭ്യമായതിന്റെ സ്റ്റോക്ക് , ഇഷ്യൂ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2)പ്രോജക്റ്റ് നം. 46/22

പാലിയേറ്റീവ് കെയർ കിഡ്നി രോഗികൾക്ക് മരുന്ന വാങ്ങൽ

വിനിയോഗിച്ച തുക – 8,00,000 രൂപ (പ്ലാൻ ഫണ്ട്)

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (പി എച്ച് സി )

പദ്ധതി പ്രകാരം വിനിയോഗിച്ച 8,00,000/- രൂപയിൽ നിന്നും മരുന്ന് ലഭ്യമാക്കുന്നതിനായി മെഡിക്കൽ ഓഫീസർ (പി എച്ച് സി) മേൽ പ്രകാരം തുക കെ എം എസ് സി എൽ തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട് എന്നാൽ ആയതിൽ താഴെ പറയും പ്രകാരം രൂപക്കുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായത് .

| ക്രമനം. | ടി ആർ എൻ നം ./ തുക | ഇൻവോയിസ് നം./തീയ്യതി | തുക |
|---|---|---|---|
| 1 | TRN 211513000000008901/26.03.22 – 27,767 | 9263/25.08.22 | 19,925 |
| | | ലഭ്യമാക്കാൻ അവശേഷിക്കുന്നത് | 7842 |
| 2 | TRN 211513000000007472/15.02.22 – 1,32,773 | 3741/06.06.22 | 11,719 |
| | | 13522/11.10.22 | 2971 |
| | | 10793/13.09.22 | 1,16,372 |
| | | ആകെ | 1,31,062 |
| | | ലഭ്യമാക്കാൻ അവശേഷിക്കുന്നത് | 1711 |

അവശേഷിച്ച 9553 രൂപയുള്ള മരുന്നുകൾ കൂടി ലഭ്യമായതിന്റെ സ്റ്റോക്ക്, ഇഷ്യൂ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അപാകത പരാമർശിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (ഓഡിറ്റ് എൻക്വയറി നം.12/29.10.22)വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചു.

## 1-19 ഹോമിയോ ആശുപത്രിയിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ പദ്ധതി – ഉപകരണങ്ങൾ ലഭ്യമായില്ല.

പ്രോജക്റ്റ് നം. 59/22

വിനിയോഗിച്ച തുക – 42,957 രൂപ (തനത് ഫണ്ട് )

വൗച്ചർ നം. 22100976/10.02.22

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (പി എച്ച് സി )

ഹോമിയോ ആശുപത്രിയിലേക്ക് കമ്പ്യൂട്ടർ ഉപകരണങ്ങൾ വാങ്ങുന്നതിന് കെൽട്രോണിന് തുക മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ആയത് ലഭ്യമായിട്ടില്ല.ലഭ്യമായതിന്റെ വിവരം അറിയിക്കുന്നതാണെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (നം.16/31.10.22)അറിയിച്ചു. ഉപകരണങ്ങൾ ലഭ്യമായതിന്റെ സ്റ്റോക്ക് , ഇഷ്യൂ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-20 പരിരക്ഷ പദ്ധതിക്കായി ഉപകരണങ്ങൾ വാങ്ങൽ പദ്ധതി – മുഴുവൻ ഉപകരണങ്ങളും ലഭ്യമായില്ല.

പ്രോജക്റ്റ് നം. 231/22

വിനിയോഗിച്ച തുക – 6,00,000രൂപ (മെയിന്റനൻസ് ഫണ്ട് -റോഡിതരം )

നിർവ്വഹണം - മെഡിക്കൽ ഓഫീസർ ( പി എച്ച് സി )

പദ്ധതി പ്രകാരം വിനിയോഗിച്ച 6,00,000/- രൂപയിൽ കിടപ്പിലായ രോഗികൾക്ക് താഴെ പറയുന്ന മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി TRN 211513000000007468/15.02.22 പ്രകാരം 4,80,774 രൂപ കെ എം എസ് സി എൽ തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട് .ആയതിൽ താഴെ പറയും പ്രകാരമുള്ള തുകയ്ക്കുള്ള ഉപകരണങ്ങൾ ലഭ്യമായി

| ക്രമനം. | ഇൻവോയിസ് നം /തീയ്യതി | തുക |
|---|---|---|
| 1 | 13378/10.10.22 | 86635 |
| 2 | 12553/30.09.22 | 5138 |

| | | |
|---|---|---|
| 3 | 12501/29.09.22 | 1,20,906 |
| 4 | 11593/20.09.22 | 43,193 |
| 5 | 11598/20.09.22 | 1265 |
| 6 | 9178/24.08.22 | 12,931 |
| 7 | 3734/06.06.22 | 98,864 |
| | ആകെ | 3,68,932 |

അവശേഷിച്ച 1,11,842 (4,80,774- 3,68,932) രൂപയുള്ള ഉപകരണങ്ങൾ ലഭ്യമായതിന്റെ വിവരം കൂടി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. വിവരം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (ഓഡിറ്റ് എൻക്വയറി നം.17/19.10.22)വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചു.

## 1-21 പി എച്ച് സിയിലേക്ക് ഫർണ്ണീച്ചറുകളും ഉപകരണങ്ങളും വാങ്ങൽ പദ്ധതി -പ്രിന്ററുകൾ ലഭ്യമായില്ല.

പ്രോജക്റ്റ് നം. 232/22

വിനിയോഗിച്ച തുക – 5,99,715 രൂപ (മെയിന്റനൻസ് ഫണ്ട് (റോഡിതരം))

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (പി എച്ച് സി )

പദ്ധതി പ്രകാരം വിനിയോഗിച്ച 5,99,715 രൂപയിൽ നിന്നും TRN 211513000000007798/22.02.22 പ്രകാരം 40,036 രൂപ A4 Multy Function Printer -Entry Level -Ubantu രണ്ട് എണ്ണം ലഭ്യമാക്കുന്നതിനായി കെൽട്രോൺ , തിരുവനന്തപുരത്തിന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ആയത് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കി വിവരമറിയിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (ഓഡിറ്റ് എൻക്വയറി നം. 18/22.10.22) മെഡിക്കൽ ഓഫീസർ അറിയിച്ചു. പ്രിന്ററുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരമറിയിക്കേണ്ടതാണ്.

## 1-22 കിഡ്നി രോഗികൾക്ക് ഡയാലിസിസിന് ധനസഹായം പദ്ധതി – വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

പ്രോജക്റ്റ് നം. 207/22

കിഡ്നി രോഗികൾക്ക് ഡയാലിസിസിന് ധനസഹായം പദ്ധതി

വിനിയോഗിച്ച തുക – 8000 (പ്ലാൻ ഫണ്ട്)

TRN 211513000000006196/ 28.12.21 - 8000 രൂപ

നിർവ്വഹണം - മെഡിക്കൽ ഓഫീസർ ( പി എച്ച് സി )

പദ്ധതി പ്രകാരം 8,000 രൂപ കിഡ്നി രോഗികൾക്ക് ഡയാലിസിസിന് ധനസഹായം ഇനത്തിൽ മലപ്പുറം, ജില്ലാപഞ്ചായത്തിന് നൽകിയിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല. വിവരം അറിയ്ക്കുന്നതാണെന്ന് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (ഓഡിറ്റ് എൻക്വയറി നം. 14/29.10.22)നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-23 ഷീറ്റ് മേയലിന് അധിക നിരക്ക് നൽകി; നഷ്ടം 4678 രൂപ.

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രവൃത്തി : വിവിധ സ്കൂളുകളുടെ പുനരുദ്ധാരണപ്രവൃത്തികൾ 124/22

അടങ്കൽ : 952000 രൂപ (MGNR)

കരാറുകാരൻ: ശ്രീ റഹ്മത്തുള്ള

കരാർ: AE/LSGD/TVR/35/21-22/22-12-2021

T S: LSGD/TS/2021-22/77431/19-10-21

അളവ് പുസ്തകം: 35/21-22

ചെലവ്: 933748രൂപ

വൗച്ചർ നംപർ 52/21-22/27-3-22

മൂല്യനിർണ്ണയം 933748 രൂപ

(-) നികുതികൾ 33436

കരാറുകാരന്: 900312രൂപ

മേൽ പ്രവൃത്തിയുടെ ഇനം (9) Departmental Sheet ഉപയോഗിച്ച് മേൽക്കൂര മേയുന്നതിനുള്ളതാണ്. Od 1294111/21-22 പ്രകാരം മേൽ ഇനത്തിന് 252.10/m2 എന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ മേൽ ഇനത്തിന്റെ നിരക്ക് നിശ്ചയിക്കുന്നതിനുള്ള ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയപ്പോൾ Code 1022 പ്രകാരമുള്ള 6 Mm Dia Steel Bolts & Nuts, 25 Mm Long Round Head With Siots (10 Nos) എന്നിവയുടെ നിരക്ക് (@ 3359.20/184.518 M2) രണ്ട് പ്രാവശ്യം കൂട്ടിയത് വഴി അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | അനുവദിച്ച നിരക്ക് | അനുവദിക്കാവുന്ന നിരക്ക് (3359.20 രൂപ കുറവ് ചെയ്തത്) |
|---|---|---|
| Total(cost For 184.518 M2) | 30558.25 | 27199.05 |
| Cost For 1.00 M2 | 165.61 | 147.41 |
| (+) Water Charge @ 1 % | 1.65 | 1.47 |
| (+) CPOH @ 15% | 25.08 | 22.33 |
| Cost Index @ 31.06 % | 59.74 | 53.17 |
| Total | 252.10 | 224.38 |

അധികം നൽകിയ തുകയുടെ വിശദാംശം

| | |
|---|---|
| നൽകിയതുക | 150.68 M2 X 252.10 = 37986.43 |
| നൽകാവുന്ന തുക | 150.68 M2 X 224.38 = 33809.57 |
| അധികം നൽകിയ തുക | 37986.43 – 33809.57 = 4176.86 |
| (+) 12 % GST | 501.22 |
| ആകെ അധികം നൽകിയ തുക | 4678.08 |

തുക അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും അധികം നൽകിയ തുക ഈടാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 10/29-10-2022 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, ഈയിനത്തിലുള്ള നഷ്ടം 4678 രൂപ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. (വിശദാംശത്തിന് ഭാഗം 3 കാണുക)

## 1-24 ഡ്രൈനേജ് സ്ലാബ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി; നഷ്ടം 6186 രൂപ.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആമപ്പോയിൽ വാഴക്കിളി കലുങ്ക് നിർമാണം എന്ന പ്രവൃത്തിയുടെ ഇനം 6 ആയി ഡ്രൈനേജിന്റെ സ്ലാബ് കോൺക്രീറ്റ് (M25) ചെയ്തതിന് മോർഡ് സ്പെസിഫിക്കേഷൻ കോഡ് 13.1.2 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഈ കോഡ് പ്രകാരമുള്ള നിരക്ക് സൂപ്പർ സ്ട്രക്ചർ പ്രവൃത്തിക്ക് ബാധകമായ നിരക്കാണ്. കോഡ് 13.1.2 പ്രകാരമുള്ള നിരക്കിൽ കോൺക്രീറ്റിങ്ങിന് വേണ്ടി സ്റ്റേജ് നിർമ്മിക്കുന്നതും ഉൾപെടുന്നുണ്ട്. ഈ ഡ്രൈനജിന്റെ ഉയരം 1.70 മീറ്റർ മാത്രമായതിനാൽ സ്റ്റേജ് ആവശ്യമില്ല എന്ന് വ്യക്തമാണ്. ഈ പ്രവൃത്തിയിൽ സബ്സ്ട്രക്ചർ കോൺക്രീറ്റിന് ബാധകമായ നിരക്കാണ് നൽകേണ്ടിയിരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക കോഡ് 13.1.2 | നൽകാവുന്ന തുക കോഡ് 12.5.4 | അധികം നൽകിയ തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ആമപ്പോയിൽ വാഴക്കിളി കലുങ്ക് നിർമാണം (149/22)<br>അടങ്കൽ: 400000 (MG Road<br>സാങ്കേതികാനുമതി 62231/26-5-20<br>വൗച്ചർ നമ്പർ: 22/21-22/11-8-21<br>തുക 399720<br>കരാർ 24/20-21/10-7-20<br>കരാറുകാരൻ.<br>ശ്രീ. സുരേഷ് ബാബു<br>അളവ് പുസ്തകം 24/20-21<br>കോസ്റ്റ് ഇൻഡക്സ്: 31.06 % | 7.717 M3 | 74080.88 @9599.70/m3 | 68557.28 @ 8883.93/m3 | 5523.60 രൂപ<br>(+) 12% GST: 662.83<br>Total: 6186.43 രൂപ |

അധികനിരക്ക് നൽകിയതിന് വിശദീകരണം നൽകേണ്ടതും അധികം നൽകിയ 6186 രൂപ തിരികെ ഈടാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 21/31-10-2022 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, ഈയിനത്തിലുള്ള നഷ്ടം 6186 രൂപ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. (വിശദാംശത്തിന് ഭാഗം 3 കാണുക)

## 1-25 ഡിപ്പാർട്ട്മെന്റൽ സ്റ്റീൽ ഉപയോഗിച്ചതിന് കരാറുകാരന്റെ സ്റ്റീൽ ഉപയോഗിച്ചതിനുള്ള നിരക്ക് നൽകി. നഷ്ടം 28979 രൂപ.

പ്രവൃത്തി: വിവിധ സ്കൂളുകളുടെ പുനരുദ്ധാരണപ്രവൃത്തികൾ 124/22

അടങ്കൽ: 952000 രൂപ (MGNR)

കരാറുകാരൻ: ശ്രീ റഹ്മത്തുള്ള

കരാർ: AE/LSGD/TVR/35/21-22/22-12-2021

അളവ് പുസ്തകം: 35/21-22

ചെലവ്: 933748രൂപ

വൗച്ചർ നംപർ 52/21-22/27-3-22

മൂല്യനിർണ്ണയം 933748 രൂപ

(-) നികുതികൾ 33436

കരാറുകാരന്: 900312രൂപ

നിലവിലുള്ള സ്കൂൾ കെട്ടിടത്തിന്റെ രണ്ടാം നിലയിൽ കോൺക്രീറ്റ് തൂണ് നിർമിച്ച് ആയതിൽ സ്റ്റീൽ മേൽക്കൂര സ്ഥാപിച്ച് ഷീറ്റ് മേയുന്നതിനുള്ളതാണ് മേൽ പദ്ധതി. മേൽ പ്രവൃത്തിയുടെ മേൽക്കൂര നിർമാണത്തിനുള്ള ഇനങ്ങളുടെയും ആയതിന്റെ ചെലവിന്റെയും വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | പ്രവൃത്തി | ചെയ്ത അളവ് | നൽകിയ തുക | അളവ് പുസ്തകം പേജ് |
|---|---|---|---|---|
| 7 | 10.25.2: Steel Work For Truss | 385.936 Kg | @ 112.65 = 43475.69 | 11 |
| 8 | Od 1293002/21-22: G I Sheet Roofing | 15.16 M2 | @ 607.69 = 9212.58 | 14 |
| 9 | Od 1294111/21-22: G I Sheet Roofing Using Departmental Sheet | 150.68 M2 | @ 252.10 = 37986.43 | 13 |
| E 1 | Od 1720837/21-22: Steel Work For Truss Using Departmental Steel | 291.894 M2 | @ 45.45 = 13266.58 | 12 |

നിലവിലുള്ള സ്കൂൾ കെട്ടിടത്തിന്റെ ഒന്നാം നിലയിൽ കോൺക്രീറ്റ് തൂൺ നിർമിച്ച് ആയതിൽ സ്ഥാപിച്ച സ്റ്റീൽ/ഷീറ്റ് മേൽക്കൂര, 2020-21 ൽ 'അക്കരക്കുളം സ്കൂൾ നവീകരണം' (പ്രൊജക്ട് നമ്പർ 24/20-21) എന്ന പദ്ധതി പ്രകാരം പൊളിച്ച് മാറ്റി ഒന്നാം നില കോൺക്രീറ്റ് ചെയ്യുകയുണ്ടായി. 'അക്കരക്കുളം സ്കൂൾ നവീകരണം' എന്ന ഈ പ്രൊജക്ട് നടപ്പിലാക്കുന്നതിന് തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ(EST NO: 2019/73077) ഇനം 2 ( DSR Code 15.17.2) Dismantling Steel Work In Single Section, 350.00 Kg,ഇനം 3 (DSR Code 15.18) Dismantling Steel Work In Built Up Section, 336.00 Kg എന്നിവയുമാണ്. (Total 686.00 Kg) എന്നാൽ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ മേൽ ഇനങ്ങൾ ഒഴിവാക്കുകയും മുൻ വർഷ ഓഡിറ്റ് സമയത്ത് സ്ഥലപരിശോധന നടത്തിയപ്പോൾ ഈയിനം ചെയ്തതായി ബോധ്യപ്പെടുകയും ഈ അപാകത മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ഈ പ്രൊജക്ട് പ്രകാരം പൊളിച്ച് മാറ്റിയ സ്റ്റീൽ/ഷീറ്റ് മേൽക്കൂര ഇതേ അളവിൽ ഇതേ കെട്ടിടത്തിന്റെ രണ്ടാം നിലയിൽ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയാണ് പ്രൊജക്ട് നമ്പർ 124/22 പ്രകാരം ചെയ്യാനുള്ളത്. ആയത് പ്രകാരം സ്റ്റീൽ/ഷീറ്റ് മേൽക്കൂര മേയുന്നതിന് സ്റ്റീൽ/ഷീറ്റ് പുതുതായി വാങ്ങേണ്ടതില്ല; പകരം, പൊളിച്ചെടുത്ത അതേ സാധനങ്ങൾ ഉപയോഗിച്ചാൽ മതി. മാത്രമല്ല, പ്രൊജക്ട് നമ്പർ 24/20-21 പ്രകാരം പൊളിച്ച് മാറ്റാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയ സ്റ്റീലിന്റെ തൂക്കവും (686.00 Kg), പ്രൊജക്ട് നമ്പർ 124/22 പ്രകാരം (ഇനം 7, E1) ഉപയോഗിച്ച സ്റ്റീലിന്റെ തൂക്കവും (677.830) ഏകദേശം സമാനമാണെന്നുള്ളതും ശ്രദ്ധേയമാണ്. ആയതിനാൽ തന്നെ പൊളിച്ച് മാറ്റിയ അതേ സ്റ്റീൽ/ഷീറ്റ് എന്നിവ തന്നെയാണ് ഈ പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്.

എന്നാൽ, മേൽ പട്ടികയിൽ വിശദമാക്കിയ പ്രകാരം ഇനം 7,8 എന്നിവ പ്രകാരം പുതിയ സ്റ്റീൽ/ഷീറ്റ് എന്നിവയും ഇനം 9, E1 എന്നിവ പ്രകാരം പൊളിച്ച് മാറ്റിയ ഷീറ്റ്/സ്റ്റീൽ എന്നിവയുമാണ് ഉപയോഗിച്ചിട്ടുള്ളത്.

പൊളിച്ച് മാറ്റിയ അതേ സ്റ്റീൽ/ഷീറ്റ് എന്നിവ തന്നെയാണ് ഈ പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുള്ളതെന്നും, ആയതിൽ തന്നെ കോണി നിർമിച്ചതിന് മുകളിൽ ഈ പദ്ധതി പ്രകാരമല്ലാതെ തന്നെ ഷീറ്റ് മേഞ്ഞിട്ടുള്ളതിനാൽ അത്രയും ഭാഗം (3.85 X 7.65 = 29.45 M2) ഒഴിവാക്കിയാണ് പ്രൊജക്ട് നമ്പർ 124/22 പ്രകാരം ഷീറ്റ് മേഞ്ഞിട്ടുള്ളതെന്നും പുതുതായി സ്റ്റീൽ/ഷീറ്റ് എന്നിവ വാങ്ങി ഉപയോഗിച്ചിട്ടില്ലെന്നും 28-10-2022 ന് LSGD ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെടുകയും ഓവർസീയർ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

പൊളിച്ച് മാറ്റിയ അതേ സ്റ്റീൽ/ഷീറ്റ് തന്നെ മേൽ പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടും മേൽ പട്ടികയിൽ വിശദമാക്കിയ പ്രകാരം ഇനം 7,8 എന്നിവ പ്രകാരം പുതിയ സ്റ്റീൽ/ഷീറ്റ് എന്നിവ ഉപയോഗിച്ചതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി കരാറുകാരന് തുക അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 9/29-10-2022 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പൊളിച്ച് മാറ്റിയ സ്റ്റീൽ ഉപയോഗിച്ചതിന് കരാറുകാരന്റെ സ്റ്റീൽ ഉപയോഗിച്ചതിനുള്ള നിരക്ക് നൽകിയത് വഴി താഴെ പറയും പ്രകാരം അധികം നൽകിയ 28979.00 രൂപ മേൽ ഇനം പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ (അളവെടുത്ത തീയതി: 14-3-22, അളവ് പുസ്തകം പേജ് 11-13) അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

| ഇനം | നൽകിയ തുക(DSR Code 10.25.2) | നൽകാവുന്ന തുക (Od 1720837/21-22) | അധികം നൽകിയ തുക |
|---|---|---|---|
| 7, Steelwork | 385.936 Kg X 112.65/kg = 43475.69 | 385.936 X 45.45/kg = 17540.79 | 25934.9<br>(+) 12% GST 3112.18<br>Total: 29047.08<br>le 29047 രൂപ |

## 1-26 അഗതി രഹിത കേരളം പദ്ധതി - പ്രവർത്തനം ആശാവഹമല്ല.

അഗതി രഹിത കേരളം പദ്ധതിയുടെ കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ടിൽ 31.03.2022 ന് 6,48,626 രൂപ നീക്കിയിരിപ്പുണ്ട്. 2019-20 സാമ്പത്തിക വർഷമാണ് അഗതി രഹിത കേരളം പദ്ധതി ആരംഭിച്ചിട്ടുള്ളത് . ഭക്ഷ്യധാന്യകിറ്റ് നൽകൽ, മരണാന്തര ആനുകൂല്യം നൽകൽ, വീട് നിർമ്മാണത്തിന് ധനസഹായം നൽകൽ എന്നിവയാണ് 2021-22 സാമ്പത്തിക വർഷത്തിൽ ചെയ്തിട്ടുള്ളത്.

അഗതി രഹിത കേരളം പദ്ധതി സംബന്ധിച്ച സ.ഉ (എം എസ് )നം. 252/2017/തസ്വഭവ തി.12.12.2017 നം. ഉത്തരവ് പ്രകാരം എ എ വൈ കാർഡില്ലാത്ത അഗതി കുടുംബങ്ങൾക്ക് ആയത് ലഭ്യമാകുന്നത് വരെ റേഷൻ കടകളിൽ നിന്നോ മറ്റ് സിവിൽ സപ്ലൈസ് സ്ഥാപനങ്ങളിൽ നിന്നോ ഭക്ഷ്യധാന്യം വാങ്ങിനൽകാവുന്നതും, ഭക്ഷ്യധാന്യങ്ങളുടെയും പരിപ്പ് വർഗ്ഗങ്ങളുടെയും വിതരണം സി ഡി എസും ബന്ധപ്പെട്ട അയൽക്കൂട്ടങ്ങളും ഉറപ്പ് വരുത്തേണ്ടതുമാണ്. റേഷൻ കടകളിൽ നിന്നും ലഭ്യമാകുന്നതിൽ കൂടുതൽ ധാന്യം നൽകേണ്ടതുണ്ടെങ്കിൽ മാത്രമാണ് സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിൽ നിന്നും വാങ്ങി നൽകാവുന്നത്. റേഷൻ കാർഡില്ലാത്ത അഗതി കുടുംബങ്ങൾക്ക് ആയത് ലഭ്യമാകുന്നത് വരെ പരമാവധി ഒരു വർഷത്തേക്ക് മാത്രമാണ് നൽകാവുന്നത്. ഇതിനും പുറമേ പോഷകാഹര കിറ്റും പ്രതിമാസം നൽകാവുന്നതാണ്. ഒരു

അംഗത്തിന് പ്രതിമാസം 500 രൂപയും, രണ്ട് അംഗങ്ങളുള്ള കുടുംബത്തിന് 700 രൂപയും, മൂന്നോ അതിൽ കൂടുതലോ അംഗങ്ങളുള്ള കുടുംബത്തിന് 900 രൂപയുമാണ് ഇക്കാര്യത്തിൽ വിനിയോഗിക്കാവുന്നത്.

മേൽ മാർഗ്ഗരേഖ 2.5.5 പ്രകാരം അഗതി കുടുംബങ്ങളെ സന്ദർശിച്ച് പദ്ധതി പ്രകാരമുള്ള സഹായങ്ങൾ ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിച്ച് ആയതിന്റെ രജിസ്റ്റർ സൂക്ഷിക്കണം. എന്നാൽ ആയത് പാലിക്കുന്നില്ല.

2.5.7 പ്രകാരം എല്ലാമാസവും ഭക്ഷ്യധാന്യവും പോഷകാഹാര കിറ്റും ലഭ്യമാക്കണം എന്നാൽ 2021 സെപ്റ്റംബർ, ഒക്ടോബർ,2022 ജനവരി മാസങ്ങളിൽ കിറ്റുകൾ നൽകിയിട്ടില്ല. അഗതികൾക്ക് ഭക്ഷ്യധാന്യമെത്തിക്കുന്നതിലും വീഴ്ചവരുത്തിയിട്ടുണ്ട്.കൂടാതെ,കിറ്റ് വിതരണത്തിലും മിക്കപ്പോഴും സമയക്ലിപ്തത പാലിക്കുന്നില്ല.

കൂടാതെ, പദ്ധതി പ്രകാരം അഗതികൾക്ക് ആരോഗ്യ സേവനങ്ങൾ നൽകുന്നതിനുള്ള നോഡൽ ഓഫീസറായി ഗ്രാമപഞ്ചായത്ത് പ്രദേശത്തെ അലോപ്പതി *ആയുർവേദം*/ഹോമിയോ വിഭാഗങ്ങളിലെ ഏതെങ്കിലും ഒരു മെഡിക്കൽ ഓഫീസറെ ഗ്രാമപഞ്ചായത്ത് ചുമതലപ്പെടുത്തണം. എന്നാൽ നാളിതുവരെയും അപ്രകാരം ഒരു നടപടി സ്വീകരിച്ചിട്ടില്ല.

ചികിത്സാ സഹായം ആവശ്യമുള്ള ഉപഭോക്താക്കൾ യഥേഷ്ടമുണ്ടെങ്കിലും നാളിതുവരെയും ആർക്കും തന്നെ ചികിത്സാ സൗകര്യം ലഭ്യമായിട്ടില്ല. അഗതി രഹിത കേരളം പദ്ധതി അംഗീകാരത്തിന് നൽകുന്നതിന് മുൻപ് തന്നെ എല്ലാവിഭാഗം മെഡിക്കൽ ഓഫീസർമാരെയും വിദഗ്ധരെയും ഉൾക്കൊള്ളിച്ച് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ച് ഹെൽത്ത് കാർഡ് അനുവദിക്കാത്തതാണ് കാരണം.

4.2.2.1 പ്രകാരം സർക്കാർ അംഗീകരിച്ച പദ്ധതിയിലെ ഭവനരഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് ഭൂമിയുള്ളവരുമായ എല്ലാ അഗതികുടുംബങ്ങൾക്കും ഭവനനിർമ്മാണ സഹായം നൽകിയതിന് ശേഷം മാത്രമെ തദ്ദേശ ഭരണസ്ഥാപനത്തിലെ മറ്റു കുടുംബങ്ങൾക്ക് വീട് നൽകുവാൻ പാടുള്ളൂ. എന്നാൽ ഭവനം ആവശ്യമുള്ള എട്ടു കുടുംബങ്ങൾ പദ്ധതിയിൽ ഉണ്ടെങ്കിലും ഒരാൾക്ക് മാത്രമാണ് ആനുകൂല്യം ലഭ്യമായിട്ടുള്ളത്. ലൈഫ് ഭവന പദ്ധതി തുകയിൽ നിന്നും തുക അനുവദിക്കാവുന്നതാണങ്കിലും പദ്ധതിതുകയിൽ നിന്നും പ്രത്യേകം തുക അനുവദിച്ചാണ് ഭവനനിർമ്മാണം നടത്തിവരുന്നത്.

വീട് റിപ്പയർ 12 കുടുംബങ്ങൾക്ക് ആവശ്യമുണ്ടെങ്കിലും ആറു പേർക്ക് മാത്രമാണ് ആനുകൂല്യം നൽകിയിട്ടുള്ളത് . കക്കൂസ് 17 കുടുബങ്ങൾക്ക് ആവശ്യമുണ്ടങ്കിലും ആർക്കും തന്നെ നാളിതുവരെയും അനുവദിച്ചിട്ടില്ല.

പദ്ധതിയുടെ പുരോഗതി വിലയിരുത്തുവാൻ ചുമതലപ്പെട്ട വിലയിരുത്തൽ സമിതിയുടെ പ്രവർത്തനവും നാമമാത്രമാണ്.2021-22 വർഷത്തിൽ മൂന്നുതവണ യോഗം ചേർന്നതൊഴിച്ചാൽ പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് മോണിറ്ററിംഗ് നടത്തുകയോ മറ്റുതരത്തിലുള്ള ഇടപെടലുകളോ സമിതി നടത്തിയിട്ടില്ല.

ചലഞ്ച് ഫണ്ട് രണ്ടു ഗഡു മാത്രമാണ് ഈക്കാലയളവിൽ ലഭിച്ചിട്ടുള്ളത്. പദ്ധതിയുടെ പുരോഗതി ആശാവഹമല്ലാത്തതിനാൽ മൂന്നാംഗഡു ലഭ്യമായിട്ടില്ല.
2014 വർഷത്തിലെ ആശ്രയ പദ്ധതി ഫണ്ട് 74015 രൂപ ടി എസ് സി അക്കൗണ്ടിൽ(നം.2587) ബാലൻസ് ഉള്ളതായി ബാലൻസ് ഷീറ്റിൽ, ഷെഡ്യൂൾ B4 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് അഗതിരഹിതകേരളം പദ്ധതിക്ക് ഉപയോഗപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

അഗതി രഹിത കേരളം പദ്ധതിക്ക് പുറമെ, താഴെ പറയും പ്രകാരം വിവിധ അക്കൗണ്ടുകളിലായി സി ഡി എസ്സിന്റെ കൈവശം 31.03.22ന് തുകകൾ നീക്കിയിരിപ്പുണ്ട്. ആയവ അതാത് ആവശ്യങ്ങൾക്ക് വിനിയോഗിക്കുകയോ അല്ലാത്തപക്ഷം തിരിച്ചടവാക്കുകയോ ചെയ്യേണ്ടതാണ്.

| ക്രമനം. | ബാങ്കിന്റെ പേര് | നീക്കിയിരിപ്പ് തുക | റിമാർക്സ് |
|---|---|---|---|
| 1 | ഉവ്വൂർ സർവ്വീസ് സഹകരണ ബാങ്ക് -അക്കൗണ്ട് നം.020060002265 | 1488 | പരിരക്ഷാ നെഴ്സ് സാലറി അക്കൗണ്ട് |
| 2 | ഉവ്വൂർ സർവ്വീസ് സഹകരണ ബാങ്ക് -അക്കൗണ്ട് നം.020060003039 | 2342 | നിലവിൽ ഉപയോഗിക്കുന്നില്ല. |
| 3 | ഉവ്വൂർ സർവ്വീസ് സഹകരണ ബാങ്ക് -അക്കൗണ്ട് നം.020060002484 | 28,009 | നിലവിൽ ഉപയോഗിക്കുന്നില്ല. |
| 4 | ഉവ്വൂർ സർവ്വീസ് സഹകരണ ബാങ്ക് -അക്കൗണ്ട് നം.020060004673 | 66443 | നിലവിൽ ഉപയോഗിക്കുന്നില്ല. |
| 5 | കേരള ഗ്രാമീൺ ബാങ്ക്,ഉവ്വൂർ അക്കൗണ്ട് നം.40204101061567 | 4,09,812 | |
| 6 | ഉവ്വൂർ സർവ്വീസ് സഹകരണ ബാങ്ക് -അക്കൗണ്ട് നം.020060001621 | 50,334 | തനത്ഫണ്ട് അക്കൗണ്ട് |

| | | | |
|---|---|---|---|
| 7 | കേരള ഗ്രാമീൺ ബാങ്ക്,തുവ്വൂർ അക്കൗണ്ട് നം.4020410107712 | 12,98,189 | തനത്ഫണ്ട് അക്കൗണ്ട് |

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിക്കേണ്ടതുമാണ്.ഇതുസംബന്ധിച്ച് 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുള്ളതാണങ്കിലും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം.19/31.10.22)

## 1-27 ഒരേ സമയം 2 ഡ്രൈവർമാർക്ക് വേതനം നൽകി. 54750 രൂപ നഷ്ടം.

ഗ്രാമപഞ്ചായത്തിന്റ കണ്ടിജന്റ് വൗച്ചറുകൾ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്ത് വാഹനത്തിനു 2 ഡ്രൈവർമാർക്ക് ഒരേ സമയം വേതനം നൽകിയതായിക്കാണുന്നു. ഇത് സംബന്ധിച്ച വൗച്ചറുകൾ, ചെലവ് വിവരം എന്നിവ താഴെ ചേർക്കുന്നു.

| വൗച്ചർ നമ്പർ | തുക | കാലയളവ് | കൈപറ്റിയ ആൾ |
|---|---|---|---|
| | | | |
| 22100309/5.8.21 | 10667 | 2021 ജൂലായ് മാസത്തെ വേതനം | മുഹമ്മദ് കെ |
| | | | |
| 22100336/10.8.21 | 20440 | 2021 ജൂലായ് മാസത്തെ വേതനം | നിസാമുദ്ദീൻ |
| | | | |
| 22100380/1.9.21 | 13870 | 2021 ഓഗസ്റ്റ് മാസത്തെ വേതനം | മുഹമ്മദ് കെ |
| | | | |
| 22100382/1.9.21 | 20440 | 2021 ഓഗസ്റ്റ് മാസത്തെ വേതനം | നിസാമുദ്ദീൻ |
| | | | |
| 22100465/1.10.21 | 16790 | 2021 സപ്തംമ്പർ മാസത്തെ വേതനം | മുഹമ്മദ് കെ |

| | | | |
|---|---|---|---|
| 22100467/1.10.21 | 16790 | 2021 സപ്തംമ്പർ മാസത്തെ വേതനം | നിസാമുദ്ദീൻ |

2 ഡ്രൈവർമാർക്ക് ഒരേ സമയം വേതനം നൽകിയത് സംബന്ധിച്ച് എന്തെങ്കിലും വിശദീകരണം ഉണ്ടെങ്കിൽ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയും അനുബന്ധ രേഖകളും പരിശോധിച്ചു. അനുബന്ധ രേഖകളിൽനിന്ന് താഴെ പറയുന്ന വസ്തുതകൾ കണ്ടെത്തി. നിലവിൽ ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ ഡ്രൈവറായിരുന്ന ശ്രീ മുഹമ്മദ് കെ എന്നയാളെ ജോലിയിൽനിന്ന് ഒഴിവാക്കിയതിനെതിരെ ടിയാൾ സമർപ്പിച പരാതിയിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 6.7.2021 ന പുറപ്പെടുവിച്ച OA (EKM) 1007/2021 ഇടക്കാല ഉത്തരവിൽ ശ്രീ മുഹമ്മദ് കെ എന്നയാളെ ജോലിയിൽ നിന്ന് ഒഴിവാക്കികൊണ്ടുള്ള ഗ്രാമപഞ്ചായത്ത് തീരുമാനം സ്റ്റേ ചെയ്യുകയും രണ്ട് മാസത്തേക്ക് കൂടി അദ്ദേഹത്തെ സേവനത്തിൽ നിലനിർത്താൻ ഉത്തരവാകുകയും ചെയ്തു. 22.7.21, 15.9.21 തിയ്യതികളിലെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഇടക്കാല ഉത്തരവുകളിൽ സ്റ്റേ തുടരുകയും 1.10.21 ലെ ട്രൈബ്യൂണലിന്റെ അന്തിമ വിധിയിൽ ഈ വിഷയത്തിൽ അന്തിമ തീരുമാനം എടുക്കുന്നതിന മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. മേലിൽ ഏത് താത്ക്കാലിക നിയമനം നടത്തുമ്പോഴും ജോലിയിൽനിന്ന് ഒഴിവാക്കുമ്പോഴും കൃത്യമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണെന്ന് മാത്രം സെക്രട്ടറിയോടും ഗ്രാമപഞ്ചായത്തിലെ ബന്ധപ്പെട്ടവരോടും നിർദ്ദേശിച്ച് കൊണ്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തുടർ നടപടി ഉത്തരവ് നൽകി. (11.11.2021ലെ DDP-MPM/1403/2021-D4നമ്പർ ഉത്തരവ്). ട്രൈബ്യൂണൽ സ്റ്റേ ഉത്തരവിൽ നിലവിലുള്ള ഡ്രൈവറുടെ സേവനവേതന വ്യവസ്ഥകളൊന്നും വ്യക്തമാക്കാത്തതിനാലാണ് പഞ്ചായത്ത് ടിയാന വേതനം അനുവദിച്ച് നൽകിയത് എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുള്ളത്. ട്രൈബ്യൂണൽ ഇടക്കാല ഉത്തരവ് പ്രകാരം ആരെയാണോ ജോലിക്ക് വെക്കേണ്ടത് അയാളെക്കൊണ്ട്തന്നെ ജോലിചെയ്യിപ്പിക്കുകയും അയാൾക്ക് തന്നെ ശമ്പളം നൽകുകയും ചെയ്യണമെന്നതിനാൽ ഈ കാലയളവിൽ ജോലിക്ക് ഹാജറായ ശ്രീ. മുഹമ്മദിന മാത്രമേ ശമ്പളം നൽകാവൂ. അതിനാൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി സ്വീകാര്യമല്ല. ആയതിനാൽ 7.7.21 മുതൽ 1.10.21 വരെയുള്ള കാലയളവിൽ (സ്റ്റേ കാലയളവ്) മറ്റൊരു ഡ്രൈവർക്കു കൂടി അധികം നൽകിയ ശമ്പളം 54750 രൂപ ട്രൈബ്യൂണൽ ഉത്തരവ് നടപ്പിലാക്കാൻ ബാധ്യസ്ഥനായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്. അധികം നൽകിയ ശമ്പളത്തിന്റെ വിവരം താഴെ ചേർക്കുന്നു.

| വൗച്ചർ നമ്പർ | തുക | കാലയളവ് | അധികം നൽകിയ തുക |
|---|---|---|---|
| 22100336/10.8.21 | 20440 | 2021 ജൂലായ് മാസം 7 മുതൽ ഡ്രൈവർ നിസാമുദ്ദിന നൽകിയ വേതനം | 16790 |
| 22100382/1.9.21 | 20440 | 2021 ഓഗസ്റ്റ് മാസം ഡ്രൈവർ നിസാമുദ്ദിന നൽകിയ വേതനം | 20440 |

| | | | |
|---|---|---|---|
| 22100467/1.10.21 | 16790 | 2021 സപ്തംബർ മാസം ഡ്രൈവർ നിസാമുദ്ദീനു നൽകിയ വേതനം | 16790 |
| 22100538/1.11.21 | 20440 | 2021 ഒക്ടോബർ 1 നു ഡ്രൈവർ നിസാമുദ്ദീനു നൽകിയ വേതനം | 730 |
| | | ആകെ | 54750 |

## 1-28 പ്രേരക് ഹോണറേറിയം തിരികെ ലഭ്യമാക്കേണ്ടതാണ്.

ജി ഒ (സാധാ) 626/21/എൽഎസ്ജിഡി തിയ്യതി 26.2.2021 ഉത്തരവ് പ്രകാരം സാക്ഷരതാ പ്രേരക്മാർക്ക് 2020 ഡിസമ്പർ മുതലുള്ള മാസങ്ങളിലെ ഹോണറേറിയം ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽനിന്ന് നൽകുന്നതിനു ഉത്തരവായിട്ടുണ്ട്. തുക പിന്നീട് റീഇമ്പേഴ്സ് ചെയ്തു തരുന്നതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. വൗച്ചർ നമ്പർ 22100028/8.4.2021 പ്രകാരം 2021 ഫെബ്രുവരി മാസത്തെ ഹോണറേറിയം 8832 രൂപയും 22100190/24.6.2021 പ്രകാരം 2021 മാർച്ച് മാസത്തെ ഹോണറേറിയം 9216 രൂപയും അടക്കം ആകെ 18048 രൂപ തുടർവിദ്യാകേന്ദ്രം സാക്ഷരതാ പ്രേരകിനു നൽകിയിട്ടുണ്ട്. ആയത് റീഇമ്പേഴ്സ് ചെയ്തതിന്റെ വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ഡ്രൈനേജ് സ്ലാബ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി; നഷ്ടം 6186 രൂപ.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആമപ്പോയിൽ വാഴക്കിളി കലുങ്ക് നിർമാണം എന്ന പ്രവൃത്തിയുടെ ഇനം 6 ആയി ഡ്രൈനേജിന്റെ സ്ലാബ് കോൺക്രീറ്റ് (M25) ചെയ്തതിന് മോർഡ് സ്പെസിഫിക്കേഷൻ കോഡ് 13.1.2 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഈ കോഡ് പ്രകാരമുള്ള നിരക്ക് സൂപ്പർ സ്ട്രക്ചർ പ്രവൃത്തിക്ക് ബാധകമായ നിരക്കാണ്. കോഡ് 13.1.2 പ്രകാരമുള്ള നിരക്കിൽ കോൺക്രീറ്റിങ്ങിന് വേണ്ടി സ്റ്റേജ് നിർമ്മിക്കുന്നതും ഉൾപെടുന്നുണ്ട്. ഈ ഡ്രൈനജിന്റെ ഉയരം 1.70 മീറ്റർ മാത്രമായതിനാൽ സ്റ്റേജ് ആവശ്യമില്ല എന്ന് വ്യക്തമാണ്. ഈ പ്രവൃത്തിയിൽ സബ്സ്ട്രക്ചർ കോൺക്രീറ്റിന് ബാധകമായ നിരക്കാണ് നൽകേണ്ടിയിരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക<br>കോഡ് 13.1.2 | നൽകാവുന്ന തുക<br>കോഡ് 12.5.4 | അധികം നൽകിയ തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ആമപ്പോയിൽ വാഴക്കിളി കലുങ്ക് നിർമാണം (149/22)<br>സാങ്കേതികാനുമതി 62231/26-5-20<br>വൗച്ചർ നമ്പർ: 22/21-22/11-8-21<br>തുക 399720<br>കരാർ 24/20-21/10-7-20<br>കരാറുകാരൻ.<br>ശ്രീ. സുരേഷ് ബാബു<br>അളവ് പുസ്തകം 24/20-21<br>കോസ്റ്റ് ഇൻഡക്സ്: 31.06 % | 7.717 M3 | 74080.88<br>@9599.70/m3 | 68557.28<br>@ 8883.93/m3 | 5523.60 രൂപ<br>(+) 12% GST: 662.83<br>Total: 6186.43 രൂപ |

അധികനിരക്ക് നൽകിയതിന് വിശദീകരണം നൽകേണ്ടതും അധികം നൽകിയ 6186 രൂപ തിരികെ ഈടാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 21/31-10-2022 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, ഈയിനത്തിലുള്ള നഷ്ടം 6186 രൂപ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 ഷീറ്റ് മേയലിന് അധിക നിരക്ക് നൽകി; നഷ്ടം 4678 രൂപ.

നിർവ്വഹണം: അസിസ്റ്റന്റ് എഞ്ചിനീയർ

പ്രവൃത്തി: വിവിധ സ്കൂളുകളുടെ പുനരുദ്ധാരണപ്രവൃത്തികൾ 124/22

അടങ്കൽ: 952000 രൂപ (MGNR)

കരാറുകാരൻ: ശ്രീ റഹ്മത്തുള്ള

കരാർ: AE/LSGD/TVR/35/21-22/22-12-2021

T S: LSGD/TS/2021-22/77431/19-10-21

അളവ് പുസ്തകം: 35/21-22

ചെലവ്: 933748രൂപ

വൗച്ചർ നംപർ 52/21-22/27-3-22

മൂല്യനിർണ്ണയം 933748 രൂപ

(-) നികുതികൾ 33436

കരാറുകാരന്: 900312രൂപ

മേൽ പ്രവൃത്തിയുടെ ഇനം (9) Departmental Sheet ഉപയോഗിച്ച് മേൽക്കൂര മേയുന്നതിനുള്ളതാണ്. Od 1294111/21-22 പ്രകാരം മേൽ ഇനത്തിന് 252.10/m2 എന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ മേൽ ഇനത്തിന്റെ നിരക്ക് നിശ്ചയിക്കുന്നതിനുള്ള ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയപ്പോൾ Code 1022 പ്രകാരമുള്ള 6 Mm Dia Steel Bolts & Nuts, 25 Mm Long Round Head With Siots (10 Nos) എന്നിവയുടെ നിരക്ക് (@ 3359.20/184.518 M2) രണ്ട് പ്രാവശ്യം കൂട്ടിയത് വഴി അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | അനുവദിച്ച നിരക്ക് | അനുവദിക്കാവുന്ന നിരക്ക് (3359.20 രൂപ കുറവ് ചെയ്തത്) |
|---|---|---|
| Total(cost For 184.518 M2) | 30558.25 | 27199.05 |
| Cost For 1.00 M2 | 165.61 | 147.41 |
| (+) Water Charge @ 1 % | 1.65 | 1.47 |
| (+) CPOH @ 15% | 25.08 | 22.33 |
| Cost Index @ 31.06 % | 59.74 | 53.17 |

| | | |
|---|---|---|
| Total | 252.10 | 224.38 |

അധികം നൽകിയ തുകയുടെ വിശദാംശം

| | |
|---|---|
| നൽകിയതുക | 150.68 M2 X 252.10 = 37986.43 |
| നൽകാവുന്ന തുക | 150.68 M2 X 224.38 = 33809.57 |
| അധികം നൽകിയ തുക | 37986.43 – 33809.57 = 4176.86 |
| (+) 12 % GST | 501.22 |
| ആകെ അധികം നൽകിയ തുക | 4678.08 |

തുക അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും അധികം നൽകിയ തുക ഈടാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 10/29-10-2022 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, ഈയിനത്തിലുള്ള നഷ്ടം 4678 രൂപ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

021294111/21-22 പ്രകാരമുള്ള നിരക്ക്

| Code | Description | Amount |
|---|---|---|
| 1022 | Galvanized Steel Bolts And Nuts | 3350.20 |
| 1022 | Galvanized Steel Bolts And Nuts | 3359.20 |
| 1023 | Galvanized Iron Hooks | 9315 |
| 1207 | GI Impaired Washer | 592.90 |
| 1208 | Bitumin Washer | 508.20 |
| 9999 | Sundries | 46.55 |
| 9999 | Sundries | 93.11 |
| 0130 | Misty | 633.10 |
| 0112 | Carpenter | 6944.00 |
| 0114 | Welder | 5704 |
| | Cost Of 184. 518 M2 | 30558.35 |
| | Cost For 1 M2<br>(+) 1% Water Charge | 165.61 |
| | (+) 1% Water Charge | 1.65 |
| | (+) CPO 15% | 2508 |
| | Cost Value 31.06% | 59.74 |
| | Total | 25210 |

## 3-3 ഒരേ സമയം 2 ഡ്രൈവർമാർക്ക് വേതനം നൽകി. 54750 രൂപ നഷ്ടം

ഗ്രാമപഞ്ചായത്തിന്റെ കണ്ടിജന്റ് വൗച്ചറുകൾ പരിശോധിച്ചതിൽനിന്നും ഗ്രാമപഞ്ചായത്ത് വാഹനത്തിനു 2 ഡ്രൈവർമാർക്ക് ഒരേ സമയം വേതനം നൽകിയതായിക്കാണുന്നു. ഇത് സംബന്ധിച്ച വൗച്ചറുകൾ, ചെലവ് വിവരം എന്നിവ താഴെ ചേർക്കുന്നു.

| വൗച്ചർ നമ്പർ | തുക | കാലയളവ് | കൈപറ്റിയ ആൾ |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 22100309/5.8.21 | 10667 | 2021 ജൂലായ് മാസത്തെ വേതനം | മുഹമ്മദ് കെ |
| 22100336/10.8.21 | 20440 | 2021 ജൂലായ് മാസത്തെ വേതനം | നിസാമുദ്ദീൻ |
| 22100380/1.9.21 | 13870 | 2021 ഓഗസ്റ്റ് മാസത്തെ വേതനം | മുഹമ്മദ് കെ |
| 22100382/1.9.21 | 20440 | 2021 ഓഗസ്റ്റ് മാസത്തെ വേതനം | നിസാമുദ്ദീൻ |
| 22100465/1.10.21 | 16790 | 2021 സപ്തംമ്പർ മാസത്തെ വേതനം | മുഹമ്മദ് കെ |
| 22100467/1.10.21 | 16790 | 2021 സപ്തംമ്പർ മാസത്തെ വേതനം | നിസാമുദ്ദീൻ |

2 ഡ്രൈവർമാർക്ക് ഒരേ സമയം വേതനം നൽകിയത് സംബന്ധിച്ച് എന്തെങ്കിലും വിശദീകരണം ഉണ്ടെങ്കിൽ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയും അനുബന്ധ രേഖകളും പരിശോധിച്ചു. അനുബന്ധ രേഖകളിൽനിന്ന് താഴെ പറയുന്ന വസ്തുതകൾ കണ്ടെത്തി. നിലവിൽ ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ ഡ്രൈവറായിരുന്ന ശ്രീ. മുഹമ്മദ് കെ. എന്നയാളെ ജോലിയിൽനിന്ന് ഒഴിവാക്കിയതിനെതിരെ ടിയാൾ സമർപ്പിച്ച പരാതിയിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 6.7.2021 ന പുറപ്പെടുവിച്ച OA (EKM) 1007/2021 ഇടക്കാല ഉത്തരവിൽ ശ്രീ. മുഹമ്മദ് കെ എന്നയാളെ ജോലിയിൽ നിന്ന് ഒഴിവാക്കികൊണ്ടുള്ള ഗ്രാമപഞ്ചായത്ത് തീരുമാനം സ്റ്റേ ചെയ്യുകയും രണ്ട് മാസത്തേക്ക് കൂടി അദ്ദേഹത്തെ സേവനത്തിൽ നിലനിർത്താൻ ഉത്തരവാകുകയും ചെയ്തു. 22.7.21, 15.9.21 തിയ്യതികളിലെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഇടക്കാല ഉത്തരവുകളിൽ സ്റ്റേ തുടരുകയും 1.10.21 ലെ ട്രൈബ്യൂണലിന്റെ അന്തിമ വിധിയിൽ ഈ വിഷയത്തിൽ അന്തിമ തീരുമാനം എടുക്കുന്നതിന മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. മേലിൽ ഏത് താത്ക്കാലിക നിയമനം നടത്തുമ്പോഴും

ജോലിയിൽനിന്ന് ഒഴിവാക്കുമ്പോഴും കൃത്യമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണെന്ന് മാത്രം സെക്രട്ടറിയോടും ഗ്രാമപഞ്ചായത്തിലെ ബന്ധപ്പെട്ടവരോടും നിർദ്ദേശിച്ച് കൊണ്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തുടർനടപടി ഉത്തരവ് നൽകി. (11.11.2021 ലെ DDP-MPM/1403/2021-D4 നമ്പർ ഉത്തരവ്). ട്രൈബ്യൂണൽ സ്റ്റേ ഉത്തരവിൽ നിലവിലുള്ള ഡ്രൈവറുടെ സേവനവേതന വ്യവസ്ഥകളൊന്നും വ്യക്തമാക്കാത്തതിനാലാണ് പഞ്ചായത്ത് ടിയാന് വേതനം അനുവദിച്ച് നൽകിയത് എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുള്ളത്. ട്രൈബ്യൂണൽ ഇടക്കാല ഉത്തരവ് പ്രകാരം ആരെയാണോ ജോലിക്ക് വെക്കേണ്ടത് അയാളെക്കൊണ്ട് തന്നെ ജോലിചെയ്യിപ്പിക്കുകയും അയാൾക്ക് തന്നെ ശമ്പളം നൽകുകയും വേണമെന്നതിനാൽ ഈ കാലയളവിൽ ജോലിക്ക് ഹാജറായ ശ്രീ മുഹമ്മദിന് മാത്രമേ ശമ്പളം നൽകാവൂ. അതിനാൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി സ്വീകാര്യമല്ല. ആയതിനാൽ 7.7.21 മുതൽ 1.10.21 വരെയുള്ള കാലയളവിൽ (സ്റ്റേ കാലയളവ്)മറ്റൊരു ഡ്രൈവർക്കു കൂടി അധികം നൽകിയ ശമ്പളം 54750 രൂപ ട്രൈബ്യൂണൽ ഉത്തരവ് നടപ്പിലാക്കാൻ ബാധ്യസ്ഥനായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്. അധികം നൽകിയ ശമ്പളത്തിന്റെ വിവരം താഴെ ചേർക്കുന്നു.

| വൗച്ചർ നമ്പർ | തുക | കാലയളവ് | അധികം നൽകിയ തുക |
|---|---|---|---|
| 22100336/10.8.21 | 20440 | 2021 ജൂലായ് മാസം 7 മുതൽ ഡ്രൈവർ നിസാമുദ്ദീന് നൽകിയ വേതനം | 16790 |
| 22100382/1.9.21 | 20440 | 2021 ഓഗസ്റ്റ് മാസം ഡ്രൈവർ നിസാമുദ്ദീന് നൽകിയ വേതനം | 20440 |
| 22100467/1.10.21 | 16790 | 2021 സപ്തംബർ മാസം ഡ്രൈവർ നിസാമുദ്ദീന് നൽകിയ വേതനം | 16790 |
| 22100538/1.11.21 | 20440 | 2021 ഒക്ടോബർ 1 ന് ഡ്രൈവർ നിസാമുദ്ദീന് നൽകിയ വേതനം | 730 |

| | | | |
|---|---|---|---|
| | | ആകെ | 54750 |

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 2021-22 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 55000 | 44/2022<br>നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി കുടിശ്ശിക നൽകൽ | 55000 | 0 |
| | 89590 | 228/2022<br>പച്ചക്കറി കൃഷിക്ക് കൂലിചെലവ് സബ്സിഡി കുടിശ്ശിക നൽകൽ | 89590 | 0 |
| | 770000 | ലൈഫ് ഭവന പദ്ധതി -എസ്.സി<br>18/2022 | 770000 | 0 |
| | 400000 | 63/2022<br>ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 400000 | 0 |
| | 600000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി<br>131/2022 | 0 | 600000<br>(ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നേരിട്ട് ചെലവഴിക്കുന്നത് ) |
| ജില്ലാ പഞ്ചായത്ത് | 400000 | 63/2022<br>ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | 440000 | ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് വീട് സ്ഥലം ലഭ്യമാക്കൽ-ജനറൽ<br>17/2022 | 440000 | 0 |
| ജില്ലാ പഞ്ചായത്ത് | 5079000 | ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് വീട് | 5079000 | 0 |

| | | | | |
|---|---|---|---|---|
| | | സ്ഥലം ലഭ്യമാക്കൽ(എസ്.സി) 18/2022 | | |
| | 200000 | ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് വീട് സ്ഥലം ലഭ്യമാക്കൽ(എസ്.സി) 184/22 | 200000 | 0 |
| | 40000 | ലൈഫ് എസ് ടി ഭവന പദ്ധതി | 40000 | 0 |
| | 40000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി 131/2022 | 0 | 40000 (ജില്ലാ പഞ്ചായത്തിൽ നിന്നും നേരിട്ട് ചെലവഴിക്കുന്നത് ) |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം | വായ്പയുടെ ഉദേശ്യം | ഉത്തരവ് നം./തീയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത്(മുതൽ /പലിശ ) | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | ലൈഫ് ഭവനപദ്ധതി (KURDFC) | ജി.ഒ.(എം.എസ് )നം. 227/LSGD തിയതി 18.08.18 | 19178697 1960000 ആകെ – 21138697 | 17218697 | 2596000/0 | 16582697 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,63,641/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2020-21 | 1-23 | 3305 | യൂസഫലി കെ | 121190101802/30.10.2021 |
| 2020-21 | 1-23 | 115054 | രമണി (എച്ച് എം) | 121190101898/09.11.2021 |
| 2000-01 | 3-6(1) | 1195 | കെ വി സുന്ദരൻ, കൺവീനർ | 121190103374/23.12.2021 |

| | | | | |
|---|---|---|---|---|
| 2002-03 | 3-2 | 5000 | പി പരമേശ്വരൻ,കൺവീനർ | 121190103376/23.12.2021 |
| 2002-03 | 3-3 | 25000 | പി കെ കൃഷ്ണൻ ,കൺവീനർ | 121190103377/23.12.2021 |
| 2020-21 | 1-22 | 426 | റഹമത്തുള്ള ,കോൺട്രാക്ടർ | 121190103899/01.01.2022 |
| 2020-21 | 1-17 | 1250 | അൽസലാമ ഹോസ്പിറ്റൽ ,തുവ്വൂർ | 121190104436/17.01.2022 |
| 2019-20 | 1-13 | 825 | അസന്റ് മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ കെയർ | 121190104444/17.01.2022 |
| 2019-20 | 1-18 | 1000 | മുഹമ്മദ് ഷെമിൽ | 121190104475/20.01.2022 |
| 2020-21 | 1-18 | 3610 | ഗ്രേസ് ക്ലിനിക്ക് | 121190100684/09.07.2021 |
| 2020-21 | 1-18 | 2030 | അൽ സലാമ ഹോസ്പിറ്റൽ ,തുവ്വൂർ | 121190104435/17.01.2021 |
| 2020-21 | 1-18 | 1313 | അസിസ്റ്റന്റ് എഞ്ചിനീയർ | 121190100404/06.07.2021 |
| 2020-21 | 1-18 | 1313 | ശ്രീകല ,ഓവർസീയർ | 121190100825/28.07.2021 |
| 2020-21 | 1-19 | 2320 | ന്യൂട്രിമിക്സ് | 12119010034/13.04.2021 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3(1) | 2006-07 | 3-71-4 | ഡെപ്പോസിറ്റ് വർക്ക് | നിയമസഭാസമിതിയുടെ പരിഗണനയിൽ |

| | | | | | |
|---|---|---|---|---|---|
| 2002-03 | 3(2) | 2006-07 | 3-71-3 | മുൻകൂർ വാങ്ങിയിട്ടും പ്രവർത്തി പൂർത്തിയാക്കിയില്ല | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2011-12, 2012-13 | 3(1) | 2014-15 | 4-1-4 | നിഷ്ക്രിയ ആസ്തികൾ അവലോകനം | നടപടികൾ തുടരുന്നു |
| 2014-15 | 2-1 | 2016-17 | | വസ്തുനികുതി നിർണ്ണയം -നികുതി ചോർച്ച. | നിയമസഭ സമിതിയുടെ പരിഗണനയിൽ - |
| 2015-16 | 2-2 | 2016-17 | | 2014-15 മുഴവൻ വാണിജ്യ കെട്ടിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് | നിയമസഭാ സമിതിയുടെ പരിഗണനയിൽ - 2015-16 മുതൽക്ക് ആയത് ഈടാക്കി വരുന്നതായി മറുപടി നൽകിയിട്ടുണ്ട് |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പരും തിയതിയും | തുക | |
| 1 | 2001-02 | 3-6 | വി.വിജയൻ,സെക്രട്ടറി | LF1453/spl.cell /Sc/05 /08/19.06.2010 | 10272 | തുക അടവാക്കിയിട്ടില്ല. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | : | 101621552 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 93988474 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 65614 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 0 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | 0 | 3093 | ശ്രീമതി.ആര്യ.ആർ,അസിസ്റ്റന്റ്എഞ്ചിനീയർ |
| | | 3093 | ശ്രീ.സുമേഷ് വി ആർ,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | | 2339 | ശ്രീമതി.ആര്യ.ആർ,അസിസ്റ്റന്റ്എഞ്ചിനീയര് |
| | | 2339 | ശ്രീ. അനികുമാർ എൻ ,അസിസ്റ്റന്റ് |

| | | | |
|---|---|---|---|
| | | | എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-3 | | 54750 | ശ്രീ. രാജു കെ ജെ ,സെക്രട്ടറി |
| ആകെ | | 65614 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ആര്യ ആർ<br><br>അസിസ്റ്റന്റ്എഞ്ചിനീയർ | അസിസ്റ്റന്റ്എഞ്ചിനീയർ, പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് | മാറ്റപ്പള്ളി വീട് , കാഞ്ഞിരംപാടം , മലപ്പുറം 679321 |
| ശ്രീ.സുമേഷ് വി ആർ<br><br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ലഭ്യമല്ല. | രമ നിവാസ്, ജഗതി, തൈക്കാട് പി.ഒ., തിരുവനന്തപുരം-695014 |
| ശ്രീ.അനിൽകുമാർ എൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ,കാളികാവ് ബ്ലോക്ക് പഞ്ചായത്ത് | യോഗത്ത് വീട്,മണ്ണാർമല (പി ഒ),പട്ടിക്കാട് ,മലപ്പുറം ജില്ല. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | കെ.എസ്.എ.എം.പി.എം.24/64/22/27.09.2022 | 02 |
| 2002-03 | കെ.എസ്.എ.എം.പി.എം.24/64/22/27.09.2022 | 02 |
| 2003-04 | കെ.എസ്.എ.എം.പി.എം.24/2862/19/19.08.21 | 3 |
| 2004-05 | കെ.എസ്.എ.എം.പി.എം.24/2862/19/06.07.21 | 3 |
| 2005-06 | കെ.എസ്.എ.എം.പി.എം.24/2862/19/02.11.21 | 7 |
| 2006-07 | കെ.എസ്.എ.എം.പി.എം.24/64/22/27.09.2022 | 3 |
| 2007-08 | കെ.എസ്.എ.എം.പി.എം.24/2862/19/12.11.21 | 16 |
| 2011-12& 2012-13 | കെ.എസ്.എ.എം.പി.എം.24/36/20/12.11.21 | 4 |
| 2013-14& 2014-15 | കെ.എസ്.എ.എം.പി.എം.24/36/20/12.11.21 | 4 |
| 2015-16 | കെ.എസ്.എ.എം.പി.എം.24/189/20/12.11.21 | 2 |
| 2016-17 | കെ.എസ്.എ.എം.പി.എം.24/64/22/27.09.2022 | 2 |
| 2017-18 | കെ.എസ്.എ.എം.പി.എം.24/64/22/27.09.2022 | 1 |
| 2018-19 | കെ.എസ്.എ.എം.പി.എം.24/64/22/27.09.2022 | 4 |

| | | |
|---|---|---|
| 2019-20 | കെ.എസ്.എ.എം.പി.എം24/1755/2021 / 09.11.21 | 34 |
| 2020-21 | കെ.എസ്.എ.എം.പി.എം24/1756/2021 / 02.12.21 | 36 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ... 

മലപ്പുറം ജില്ലയിലെ ഇവ്വൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്